നം. സി.ഇ.ഇ/1515/2011/കെഇഎഎം-2012/റ്റി.എ.1

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001**

**വിജ്ഞാപനം**

# 2012 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള കേന്ദ്രീകൃത അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു

2012 ലെ പ്രൊഫഷണൽ ഡിഗ്രി കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്കുള്ള അലോട്ട്മെന്റ് നടപടിക്രമങ്ങൾ **14.09.2012** ന് ആരംഭിച്ചു. സെപ്റ്റംബർ 14, 15 തീയതികളിൽ നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോഴ്സുകളിലേയ്ക്ക് ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനും സൗകര്യം അനുവദിച്ചിരിന്നു. **15.09.2012** വൈകുന്നേരം 5 മണി വരെ ലഭിച്ച ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **17.09.2012**ന് **അലോട്ട്മെന്റ് പ്രസിദ്ധീകരിച്ചു.**

എഞ്ചിനീയറിംഗ് / ആർക്കിടെക്ച്ചർ കോളേജുകളിലെ അലോട്ട്മെന്റ് നടപടിക്രമങ്ങൾ ഈ അലോട്ട്മെന്റോടെ അവസാനിച്ചു. ഈ കോളേജ്/ കോഴ്സുകളിലേക്ക് ഇനി അലോട്ട്മെന്റ് ഉണ്ടായിരിക്കുന്നതല്ല.

ഈ അലോട്ടുമെന്റ് പ്രകാരം പുതുതായി അലോട്ടുമെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ/ കോളേജ് മാറ്റം ലഭിക്കുന്ന വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ **(SBT)** തെരഞ്ഞെടുത്ത ശാഖകളിലൊന്നിൽ **സെപ്റ്റംബർ 18,19 തീയതികളിൽ** ഫീസ്/അധിക ഫീസ് ഒടുക്കി **സെപ്റ്റംബർ 18,19 തീയതികളിൽ** തന്നെ അതതു കോളേജുകളിൽ ഹാജരായി അഡ്മിഷൻ നേടേണ്ടതാണ്. **SBT** ശാഖകളുടെ ലിസ്റ്റ് വെബ് സൈറ്റിൽ ലഭ്യമാണ്.

**മുന്നറിയിപ്പ്:-** അലോട്ട്മെന്റ് ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളും അതത് കോളേജ്/ കോഴ്സുകളിൽ നിർബന്ധമായും പ്രവേശനം നേടേണ്ടതാണ്. സ്വകാര്യ സ്വാശ്രയ മെഡിക്കൽ / ഡെന്റൽ കോളേജുകളിലേയ്ക്കുള്ള അലോട്ട്മെന്റ് ഈ ഘട്ടത്തോടെ അവസാനിക്കുകയാണ്. ആയതിനാൽ പ്രസ്തുത കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ നിർബന്ധമായും അതത് കോളേജുകളിൽ അഡ്മിഷൻ നേടേണ്ടതാണ്. അഡ്മിഷൻ സ്വീകരിക്കാതെ സർക്കാർ സീറ്റുകൾ നഷ്ടപ്പെടുത്തിയാൽ അത്തരം വിദ്യാർത്ഥികൾ **പ്രോസ്പെക്ടസ് ക്ലോസ് 12.2.4** പ്രകാരമുള്ള പിഴ ഒടുക്കുവാൻ ബാധ്യസ്ഥരായിരിക്കും.

കൂടുതൽ വിവരങ്ങൾക്ക് **0471 2339101, 2339102, 2339103, 2339104** എന്നീ ഹെൽപ്പ് ലൈൻ നമ്പരുകളിലും **155300, 0471-2115054, 2115098, 2335523** എന്നീ സിറ്റിസൺ കാൾസെന്റർ നമ്പരുകളിലും ബന്ധപ്പെടാവുന്നതാണ്.

തിരുവനന്തപുരം
17 .09.2012

**പ്രവേശന പരീക്ഷാ കമ്മീഷണർ**